LIBRARY ARCHIVES Kerala Legislative Assembly

മറയൂരിലെ മുനിയറകളും ചരിത്രാതീതകാല ചിത്രങ്ങളും

*10 [638] *ശ്രീമതി ശോഭനാ ജോർജ് :*
ശ്രീ. സി. പി. മുഹമ്മദ് :
,, കെ. സി. ജോസഫ് :
,, കെ. എ. ചന്ദ്രൻ :
,, എ. കെ. മണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടിക സമുദായക്ഷേമവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മറയൂരിൽ നിലവിൽ എത്ര മുനിയറകളുണ്ട് ;

(ബി) ഇവ കരിങ്കല്ലിനായി പൊട്ടിച്ച് നശിപ്പിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) മറയൂരിൽ ചരിത്രാതീതകാലത്തെ ചിത്ര രചനകളുള്ള എത്ര ഗുഹകൾ കണ്ടെത്തിയിട്ടുണ്ടെന്നും ഇവയെ സംരക്ഷിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും വെളിപ്പെടുത്താമോ ?

പിന്നോക്ക-പട്ടിക സമുദായക്ഷേമവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി *(ശ്രീ. എ. പി. അനിൽകുമാർ)* :

(എ) 48 മുനിയറകൾ ഉണ്ട്.

(ബി) ഉണ്ട്.

(സി) ചിത്ര രചനകളുള്ള 3 ഗുഹകളാണ് ഇതുവരെ കണ്ടെത്തിയിട്ടുള്ളത്. ഇതിൽ മറയൂർ റിസർവ് ഫോറസ്റ്റിലുള്ള ഒരു ഗുഹ എഴുത്തള (എഴുത്തുപാറ) പുരാവസ്തു വകുപ്പിന്റെ സംരക്ഷിത സ്മാരകമാണ്. ഇവിടെ സംരക്ഷണ പ്രവർത്തനങ്ങൾ നടത്തി ഗുഹാചിത്രത്തിനെ കൂടുതൽ വ്യക്തമാക്കി സംരക്ഷിക്കാൻ നടപ്പു സാമ്പത്തിക വർഷം നടപടി സ്വീകരിച്ചിട്ടുണ്ട്. ചിത്ര രചനകളുള്ള മറ്റു രണ്ട് ഗുഹകൾ സംരക്ഷിത സ്മാരകമാക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നുള്ള ധനസഹായപരിധി ഉയർത്താൻ നടപടി

*11 [639] *ശ്രീ. പി. സി. ജോർജ് :* താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നുള്ള ധനസഹായത്തിന്റെ പരിധി ഓരോ അസുഖങ്ങളുടേയും, അവയ്ക്കു വേണ്ടുന്ന മരുന്നുകളുടെയും വിലയുടെ അടിസ്ഥാനത്തിൽ ഉയർത്തുവാൻ നടപടി സ്വീകരിക്കുമോ ;

(ബി) അപേക്ഷിക്കുന്ന രോഗികൾക്കുള്ള ധനസഹായം ചുരുങ്ങിയത് 7 (ഏഴ്) ദിവസത്തിനകം കൊടുക്കാൻ നടപടി സ്വീകരിക്കുമോ ;

(സി) മാറാരോഗങ്ങൾ കാരണം നിരാലംബരായ രോഗികൾക്ക് ജീവിത നിവൃത്തിക്കുവേണ്ടി എന്തെങ്കിലും സഹായം കൊടുക്കാൻ പദ്ധതിയുണ്ടോ ?

മുഖ്യമന്ത്രി *(ശ്രീ. ഉമ്മൻ ചാണ്ടി)* :

(എ) അപേക്ഷകരുടെ എണ്ണം കൂടുതലായതിനാലും ഫണ്ടിന്റെ അപര്യാപ്തതമൂലവും ധനസഹായത്തിന്റെ പരിധി ഉയർത്തുവാൻ നിർവ്വാഹമില്ല.

(ബി) ധനസഹായം കാലതാമസം കൂടാതെ നൽകുന്നുണ്ട്.

(സി) ക്ഷയരോഗികൾക്ക് പ്രതിമാസം 50-രൂപ വീതവും കുഷ്ഠരോഗികൾക്കും, കാൻസർ രോഗികൾക്കും പ്രതിമാസം 200-രൂപ വീതവും ഇപ്പോൾ കൊടുക്കുന്നുണ്ട്. മറ്റു രോഗികളുടെ കാര്യമൊന്നും ഇപ്പോൾ പരിഗണനയിലില്ല.

സൗജന്യ ചികിത്സയും വിലകൂടിയ മരുന്നുകളും ലഭ്യമാക്കാൻ നടപടി

*12 [640] *ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ :*
,, വി. ചെന്താമരാക്ഷൻ :
,, ടി. കെ. ബാലൻ :
,, ടി. പി. രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ സർക്കാർ ആശുപത്രികളിൽ രോഗികൾക്ക് സൗജന്യ ചികിത്സ ലഭിക്കുന്നുണ്ടോ ;

(ബി) സൗജന്യ ചികിത്സ ലഭിക്കുന്നതിന് രോഗികൾക്ക് വരുമാനപരിധി നിശ്ചയിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത വരുമാനപരിധി എത്രയാണ് ;

(സി) ഈ പരിധികവിഞ്ഞ വരുമാനമുള്ള രോഗികളിൽ നിന്നും ഫീസ് ഈടാക്കുന്നതിന് സ്വീകരിച്ചിരിക്കുന്ന മാനദണ്ഡം വ്യക്തമാക്കുമോ ;

(ഡി) സർക്കാർ ആശുപത്രികളിൽ സൗജന്യ ചികിത്സ നൽകിയിരുന്ന രീതിയിൽ എന്തെങ്കിലും മാറ്റം വരുത്തിയിട്ടുണ്ടോ ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ;

(ഇ) ഇതു സംബന്ധിച്ച് പുറപ്പെടുവിച്ച ഉത്തരവിന്റെ കോപ്പി മേശപ്പുറത്ത് വയ്ക്കുമോ ;

(എഫ്) യു. ഡി. എഫ്. സർക്കാർ അധികാരത്തിൽ വന്നതിനുശേഷം രോഗനിർണ്ണയത്തിനും മറ്റുമായി നിശ്ചയിച്ചിട്ടുള്ള ഫീസ്/ചാർജ്ജ് വർദ്ധിപ്പിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ;

LIBRARY ARCHIVES Kerala Legislative Assembly